(ബി) കോടതിവിധികൾ അനുകൂലമാകുമ്പോൾ നിശബ്ദത പാലിക്കുകയും പ്രതികൂലമാകുമ്പോൾ കോടതികളെയും ന്യായാധിപന്മാരെയും വിമർശിക്കുകയും അവഹേളിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണതക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഭരണഘടനാനുസൃത സ്ഥാപനങ്ങളായ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവയുടെ സത്യസന്ധതയും പവിത്രതയും സംരക്ഷിക്കുവാൻ ഓരോ സ്ഥാപനത്തിനും ചുമതലയുണ്ടെന്ന കാര്യം അംഗീകരിക്കുന്നുണ്ടോ ; എങ്കിൽ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കോടതികളുടെ അന്തസ്സിന് കോട്ടം സംഭവിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ ;

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ-ഡി) നീതിന്യായ സ്ഥാപനങ്ങൾക്കും ന്യായാധിപൻമാർക്കും മുൻ ന്യായാധിപൻമാർക്കും ബന്ധുക്കൾക്കും എതിരെ പല കോണുകളിൽ നിന്നും പല രീതിയിലുള്ള പരാതികളും ആക്ഷേപങ്ങളും ആരോപണങ്ങളും പല വേദികളിലും ഉന്നയിക്കപ്പെടുന്നുണ്ട്. തെളിവുകളും പരാതികളും രേഖകളും ലഭിക്കുകയാണെങ്കിൽ ഉചിതമായ രീതിയിൽ ഇത് കൈകാര്യം ചെയ്യുവാൻ കഴിയും. മുൻ ചീഫ് ജസ്റ്റിസ് ശ്രീ. കെ. ജി. ബാലകൃഷ്ണന്റെ മരുമകൻ ശ്രീ. ശ്രീനിജനെതിരെയുള്ള പരാതിയിൻമേൽ പോലീസ് സ്പെഷ്യൽ ബ്രാഞ്ചും വിജിലൻസ് വിഭാഗവും അന്വേഷണം നടത്തുന്നുണ്ട്. ശ്രീ. കെ. സുധാകരൻ എം. പി. ഉന്നയിച്ച ആരോപണങ്ങളിന്മേൽ ആൾ ഇന്ത്യാ ലായേഴ്സ് യൂണിയൻ സർക്കാരിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ 123/2011 ക്രൈം നമ്പരായി ഐ.പി.സി. 120, 202 വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ് കൺട്രോൾമെന്റ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷിച്ചുവരുന്നു.

ഹൈക്കോടതി മുൻ ജഡ്ജിമാരായ ജസ്റ്റിസ് കെ. നാരായണക്കുറുപ്പ്, ജസ്റ്റിസ് തങ്കപ്പൻ എന്നിവർക്കെതിരെ ഉയർന്ന വിമർശനങ്ങളെക്കുറിച്ച് യുക്തമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് കത്തെഴുതിയിട്ടുണ്ട്.

കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ

28 (*328) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടത്തെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞുവോ ;

(സി) ഇതിനായി ഇതുവരെ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയാമോ ;

(ഡി) ഒന്നാംഘട്ടത്തിൽ ഇവിടെ എത്ര സംരംഭകർക്ക് സ്ഥലസൗകര്യം ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. 110 KV Substation
2. കനാലിനുചുറ്റുമുള്ള കരിങ്കൽ ഭിത്തി നിർമ്മാണം
3. ഭൂമി വികസനം
4. റോഡുനിർമ്മാണം
5. ജലവിതരണ ശൃംഖല
6. മലിനജലത്തിന്റെ സംസ്കരണം.

ഇതിനുപുറമേ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള 'അഷ്ടമുടി ടവേഴ്സ്' എന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു.

(ബി) ഇവിടത്തെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

(സി) ഇതുവരെ 44 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ഒന്നാംഘട്ടത്തിൽ ഇവിടെ 5000 പേർക്കിരിക്കാവുന്ന സ്ഥല സൗകര്യമാണുള്ളത്.

കേരളത്തിലെ ഐ. ടി. മേഖലയുടെ വികസനം

29 (*329) ശ്രീ. സാജു പോൾ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ പ്രധാനപ്പെട്ട ഒരു ഐ. ടി. ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് ഏതെല്ലാം പ്രമുഖ ഐ. ടി. കമ്പനികൾ നിക്ഷേപം നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly